**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5236** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് യാത്രാ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ യാത്രാ ആനുകൂല്യത്തിനുള്ള അർഹത മാനദണ്ഡം 40% എന്നിരിക്കെ പ്രൈവറ്റ് ബസ്സുകളിൽ പ്രസ്തുത മാനദണ്ഡം 50% ആയാണ് നിശ്ചയിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുനഃപരിശോധിച്ച് അർഹത മാനദണ്ഡം ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 05.01.1987 ലെ G.O(P)No.1/87/PW&T എന്ന ഉത്തരവ് അനുസരിച്ച് 50% ൽ കുറയാത്ത വികലാംഗത്വം ഉള്ളവർക്കാണ് പ്രൈവറ്റ് ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിച്ചിരിക്കുന്നത്. 1995 ലെ "Persons with Disabilities (equal opportuniter Protection of Rights and full participation) Act" അനുസരിച്ച് 40% വികലാംഗത്വം ഉള്ള വ്യക്തികൾക്ക് എല്ലാവിധ ആനുകൂല്യവും നൽകണമെന്ന വ്യവസ്ഥ ഉള്ളതിനാൽ 17.04.2012 ലെ G.O(Rt)No.200/2012/Trans എന്ന ഉത്തരവ് വഴി കെ.എസ്.ആർ.ടി.സി ബസുകളിൽ 40% വികലാംഗത്വം ഉള്ളവർക്കും യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കുള്ള യാത്ര ആനുകൂല്യങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളിലെ പോരായ്മകൾ നികത്തി വിവിധ കാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത വിജ്ഞാപനം പുറപ്പെടുവിക്കുവാനായി നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ